**പത്രക്കുറിപ്പ്**

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

17-03-2021

## ബോർഡ്, പൊതു പരീക്ഷകൾ മാത്രം ഓഫ്ലൈൻ മതിയെന്ന് ബാലാവകാശ കമ്മീഷൻ

സംസ്ഥാനത്ത് സി. ബി. എസ്. ഇ സ്കൂളുകളിൽ ബോർഡ്, പൊതു പരീക്ഷകൾ ഒഴികെയുള്ളവ ഓഫ്ലൈനിൽ നടത്താൻ പാടില്ലെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായി. കോവിഡ് -19 പടരുന്ന സാഹചര്യത്തിലാണ് പരീക്ഷകൾ നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നത്. ഇക്കാര്യം വ്യക്തമാക്കി സി. ബി. എസ്. ഇ പ്രാദേശിക ഓഫീസർ സർക്കുലർ പുറപ്പെടുവിക്കണമെന്ന് കമ്മീഷൻ ചെയർമാൻ കെ. വി മനോജ്കുമാർ, അംഗങ്ങളായ കെ. നസീർ, ബി. ബബിത എന്നിവർ ഉൾപ്പെട്ട ഫുൾ ബഞ്ച് വ്യക്തമാക്കി.

സി.ബി.എസ്.ഇ നിർദേശങ്ങൾക്ക് വിരുദ്ധമായി എറണാകുളം ജില്ലയിലെ നിരവധി സ്കൂളുകൾ കുട്ടികളെ സ്കൂളിൽ വിളിച്ചുവരുത്തി ഒൻപതാം ക്ലാസ്സിലെയും പതിനൊന്നാം ക്ലാസ്സിലെയും പരീക്ഷകൾ നടത്തിയതായുള്ള രക്ഷിതാക്കളുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ പ്രശ്നത്തിൽ ഇടപെട്ടത്. ഒൻപതാം ക്ലാസ്സിലും പതിനൊന്നാം ക്ലാസ്സിലും പൊതു പരീക്ഷ ഇല്ലെന്നിരിക്കെ, കോവിഡ് ഭീഷണി അവഗണിച്ച് കുട്ടികളെ ഒരുമിച്ചിരുത്തി പരീക്ഷ എഴുതിച്ചത് സി.ബി.എസ്.ഇയുടെ നിബന്ധനകൾക്ക് നിരക്കാത്ത നടപടിയാണെന്ന് കമ്മീഷൻ വിലയിരുത്തി. അതിനാൽ ബോർഡ്, പൊതു പരീക്ഷകൾ ഒഴികെയുള്ളവ ഓഫ്ലൈനിൽ എഴുതിക്കാൻ സ്കൂളുകളെ അനുവദിക്കാനാവില്ല.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

*1861/07/LA1/2019/KeSCPCR, Dt: 8.03.2021*
*2051/07/LA1/2019/KeSCPCR, Dt: 8.03.2021*